WEDNESDAY 16/10/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A | Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/10/2024

1. ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് വെള്ളായണി കാർഷിക സർവകലാശാലയിൽ ഇന്നും നാളെയുമായി (ഒക്ടോബർ 16-17 തീയതികളിൽ) ആഗോള പോഷകാഹാര സുരക്ഷയ്ക്കുള്ള നൂതന തന്ത്രങ്ങൾ' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കും. ലോക ഭക്ഷ്യ ദിനാഘോഷത്തിൽ യു.എൻ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ പ്രോജക്റ്റായ റൈസ് ഫോർട്ടിഫിക്കേഷൻറെ സാങ്കേതിക സപ്പോർട്ട് യൂണിറ്റ് സംഘടിപ്പിക്കുന്ന സെമിനാർ ഭക്ഷ്യ ശാക്തീകരണത്തിലൂടെ ആഗോള പോഷകാഹാര വെല്ലുവിളികളെ നേരിടാൻ ലക്ഷ്യമിടുന്നു. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് സെമിനാറിന്റെ ഉദ്ഘാടനം നിർവഹിക്കും.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിൽ 2024 ഒക്ടോബർ 19 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു പരിശീലന ഫീസ് 300/ രൂപ. താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ക്ഷീരവികസനവകുപ്പ് ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും ഞീഴൂർ ക്ഷീരസഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ക്ഷീരോത്പാദകരെ ഉൾപ്പെടുത്തി പാൽ ഗുണനിവാര ബോധവൽക്കരണ പരിപാടി ഇന്ന് (2024 ഒക്ടോബർ 16) ഉച്ചയ്ക്ക് 2.00 മണി മുതൽ ഞീഴൂർ ക്ഷീരോത്പാദക സഹകരണ സംഘം ഹാളിൽ വെച്ച് നടത്തുന്നു. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 2024 ഒക്ടോബർ മാസത്തിൽ ഇടുക്കി ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തും. ഇടുക്കി പൈനാവ് സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് ഒക്ടോബർ 16, 17, 18 തീയതികളിലാണ് സിറ്റിംഗ് നടത്തുന്നത്. അന്നേ ദിവസങ്ങളിൽ രാവിലെ 9 മണിക്ക് സിറ്റിംഗ് ആരംഭിക്കും. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ഹീവിയ ഡി.യു.എസ് പ്രോജെക്ടിലേക്ക് 'യങ് പ്രൊഫഷണൽ' തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ 2024 ഒക്ടോബർ 24 നു മുമ്പ് ലഭിക്കത്തക്കവണ്ണം അപേക്ഷ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറിക്ക് ഈമെയിൽ ആയി അയയ്ക്കണം. ഈമെയിൽ വിലാസം: resadm@rubberboard.org.in, കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

6. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ വിവിധ ജില്ലകളിൽ (തിരുവനന്തപുരം, ഇടുക്കി, വയനാട്) സ്ഥിതിചെയ്യുന്ന ഡെയറി സയൻസ് കോളേജുകളിലും, മണ്ണുത്തി വി.കെ.ഐ.ഡി.എഫ്.ടിയിലും നടത്തിവരുന്ന ബി.ടെക് (ഡയറി/ഫുഡ്ടെക്നോളജി) കോഴ്സുകളിലേക്ക് ഉള്ള 2024-25 അക്കാദമിക വർഷത്തെ സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 21 ന് രാവിലെ 10.30 നു മണ്ണുത്തി വി.കെ.ഐ.ഡി.എഫ്.ടി കോളേജിൽ വച്ച് നടത്തപ്പെടുന്നു. പ്രവേശനത്തിനായി നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധരേഖകളുടെയും ഒറിജിനലും പകർപ്പും കീം (KEAM) അനുബന്ധരേഖകളും സഹിതം മണ്ണുത്തി വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ് ടെക്നോളജി, മണ്ണുത്തി (വി.കെ.ഐ.ഡി.എഫ്.ടി) കോളേജിൽ

എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04936 209272, 209270, 209269. മൊബൈൽ : 9562367900, 9446994414

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ഒക്ടോബർ 21 മുതൽ നവംബർ 6 വരെ നഴ്സറി ടെക്നിക്സ് എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി- പഴവർഗ്ഗ- അലങ്കാര ചെടികളിലെ തൈ ഉല്പാദന രീതികൾ, ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, രോഗ കീട നിയന്ത്രണം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 20 പേർക്കാണ് അവസരം. പരിശീലന ഫീസ് 4000 രൂപ. താല്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ: 9895487537 വിളിക്കേണ്ട സമയം: പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ.

8. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 21 മുതൽ 25 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി നടക്കുന്ന ''ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 19 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന . കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ

പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 - 2440911. മേൽവിലാസം :ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം